# കൈത്തിരി

## ഉള്ളടക്കം

ഇരുട്ടിന്റെ മറവിൽ.....7
എന്റെ കലാലയം.....2
നവമാധ്യമങ്ങളുടെ സ്വാധിനം കുട്ടികളിൽ.....4
പാഠം.....6
പ്രളയമായിമാറിയ എൻ ജിവിതം.....9

# എന്റെ കലാലയം



അതുല്യ ടി

എന്നും അധ്യാപകർ വരരുതേ എന്നും ഒന്നും പഠിപ്പിക്കരുതേ എന്നും പ്രാർത്ഥിച്ചുകൊണ്ട് സ്കൂളിൽ പോയിരുന്ന കുട്ടിയാണ് ഉണ്ണി .പുസ്തകങ്ങളെ കാണുന്നതേ കാലിയായിരുന്നു .മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങിയാണ് അവൻ സ്കൂളിൽ പോയിരുന്നത് .അവൻ മറ്റു കുട്ടികളിൽ നിന്നും വ്യത്യസ്തനായിരുന്നു .അവന്റെ ചിന്തകൾ ഒരു സാധാരണ കുട്ടിയുടേത് പോലെയായിരുന്നില്ല .

ഒരു ദിവസം വളരെ മഴക്കാരോടു കൂടി മാനം ഇരുണ്ടുകൂടി .നേരം വെളുക്കുന്നതേയുള്ളു .ഉണ്ണിക്ക് സന്തോഷമായി .അവൻ പ്രാർത്ഥിച്ചു .ഈശ്വരാ ഇടിയും ,മഴയും ,കാറ്റും തകർക്കണേ .ഇന്ന് സ്കൂൾ അവധിയായിരിക്കണേകുരുന്നു മനസ്സിന്റെ നിഷ്കളങ്കതയോടെയാണ് അവൻ പ്രാർഥിച്ചത് .ഒരു ദിവസം മുഴുവൻ കൗതലുണ്ടാക്കുന്ന പരിമിത ഫലങ്ങൾ അവൻ ഓർത്തിരുന്നില്ല .

ആദ്യമായി മഴത്തുള്ളികൾ വരണ്ട മണ്ണിനെ കെട്ടിപ്പുണരാൻ താഴേക്ക് പതിച്ചു .അവ മണ്ണിലൂടെ ഊർന്നിറങ്ങി .ഉണ്ണി മഴത്തുള്ളികൾ കയ്യിൽ എടുത്തു .മുഖത്ത് അവ കോരിയൊഴിച്ചു .ഹോ എന്തൊരു കുളിർമ്മ .അവൻ തന്നത്താൻ പറഞ്ഞു .നിമിഷങ്ങൾക്കകം മഴ കനത്തു .തുള്ളിക്കൊരു കുടമായി ചെയ്യുന്ന മഴ ഉണ്ണിയുടെ മനസ്സിന് സന്തോഷമേകി .എന്നാൽ പതിവിന് വിപരീതമായി ,മഴ തോർന്നില്ല .അത് ആർത്തട്ടഹസിച്ചു കൊണ്ട് ചെയ്തു കൊണ്ടേയിരുന്നു .അന്ന് ആദ്യമായി സുന്ദരിയായ പ്രകൃതിയുടെ രൗദ്രഭാവം ഉണ്ണി കണ്ടു .ആ 'അമ്മ കലി ഉള്ളുകയാണ് .

തോടായ തോടുകളും ,പുഴകളും ,കുളങ്ങളും നിറഞ്ഞു കവിഞ്ഞു .പ്രകൃതിയെ അത്യധികം സ്നേഹിക്കുന്നവരായിരുന്നു ഉണ്ണിയുടെ ഗ്രാമത്തിൽ ഉള്ളവർ .അതിനാൽ അവർ ഭയപ്പെട്ടില്ല .നമ്മളെ പ്രകൃതി കൈവിട്ടില്ല എന്ന് അവർ ഉറച്ചു വിശ്വസിച്ചു .അപ്പോഴാണ് ഉണ്ണിക്ക് അവന്റെ സ്കൂളിനെ പറ്റി ഓർമ്മ വന്നത് .അവൻ തന്റെ സ്കൂളിലേക്ക് ഓടി .തന്റെ സ്കൂളിന്റെ അവസ്ഥ കണ്ട് ഉണ്ണിക്ക് സങ്കടമായി .സ്കൂളിന്റെ ചുറ്റുമുള്ള മരങ്ങൾ കാട്ടിൽ മറിഞ്ഞു വീണു .ഓടുകൾ പൊട്ടിത്തകർന്നിരിക്കുന്നു .അവന് സങ്കടമായി .അറിയാതെയാണെങ്കിലും അവനും പ്രാർഥിച്ചതാണല്ലോ .ഉണ്ണിക്ക് തന്റെ കൂട്ടുകാരെ ഓർമ്മ വന്നു .അവരുടെ കൂടെക്കളിച്ചതും പാടിയതുമെല്ലാം .അവൻ സങ്കടം സഹിക്കവയ്യാതെ വീട്ടിലേക്കോടി .

തന്റെ വീടിനെ അന്വേഷിച്ച് അവൻ അവിടെയെല്ലാം ഓടി നടന്നു .എന്നാൽ അവന്റെയും അവിടുത്തെ മറ്റുവീടുകളും കെട്ടിടങ്ങളും അപ്രതീക്ഷമായിരുന്നു .അപ്പോഴാണ് അവൻ ഒരു ശബ്ദം കേട്ടത് .മോനെ .... അവൻ ശബ്ദം കേട്ടിടത്തേക്ക് ഓടിപ്പോയി .അവന്റെ 'അമ്മ ഒരു പാറക്കൂട്ടത്തിൽ വീണുകിടക്കുന്നു .അവൻ അമ്മയെ താങ്ങിയെടുത്തു .അപ്പോഴേക്കും കുറേപേർ വന്ന് അവനേയും അമ്മയെയും കൂട്ടി കൊണ്ടുപോയി .അവൻ വേറൊരു ഗ്രാമത്തിലെത്തി .

ദാരിദ്രവും കഷ്ടപ്പാടും കൊണ്ട് അവനും അമ്മയും വളരെ ഭുദധിമുട്ടി .ഉണ്ണിക്ക് സ്കൂളിൽ പോകാൻ കഴിഞ്ഞില്ല .അവൻ അച്ഛനെക്കുറിച്ച് ചോദിക്കുമ്പോൾ അമ്മയുടെ കണ്ണിൽ നിന്നും കണ്ണീർതുള്ളികൾ ഇറ്റിറ്റുവീണു .അവൻ പ്രാർത്ഥിച്ചു .ദൈവമേ എനിക്ക് എന്റെ നാടും ,വീടും ,അച്ഛനെയും ,എല്ലാം തിരിച്ചു തരണേ .ഒരു വട്ടം കൂടി എനിക്ക് കൂട്ടുകാരോടൊത്ത് സ്കൂളിൽ പോകാനും പഠിക്കാനും സാധിക്കണമേ .എനി ഞാൻ അങ്ങയോട് ആവശ്യപ്പെടില്ല .എനിക്കെന്റെ പഴയ ജീവിതം തിരിച്ചു തന്നാലും ഒരു വട്ടം കൂടി ,ഒരു വട്ടം കൂടി ,ഒരു വട്ടം കൂടി ........

# നവമാധ്യമങ്ങളുടെ സ്വാധിനം കുട്ടികളിൽ

ലയ രാജ്

ഇന്ന് നമ്മുടെ ലോകം നവമാദ്യമങ്ങളിൽ ജീവിതം നിവേദ്യമായിനൽകുകയാണ് .എത്ര ശ്രെമിച്ചാലും ഇന്നത്തെ കാലഘട്ടത്തിൽ കുട്ടികളിലാണ് മദ്യമങ്ങളുടെ

സ്വാധിനം കൂടുന്നത് . ഇത്തരം മദ്യമാങ്ങയ്ക്കേണ്ട ഉപയോഗിക്കുന്ന പ്രശ്നങ്ങൾലും ; അതിനുവേണ്ട പപ്രശ്നപരിഹാരങ്ങളുമാണ് ഈ ഉപന്യാസത്തിലൂടെ അറിയിക്കാൻ ശ്രമിക്കുന്നത്

" ആരോഗ്യ കേരളം ഐശ്വര്യ കേരളം" എന്നാണ് നമ്മുടെ നാടിനെപ്പറ്റി പഴമക്കാർ പറഞ്ഞത് . ഈ പഴഞ്ചൊല്ല് ഈ വിഷയത്തിന് ഒട്ടും തന്നെയോജിച്ചതല്ല എന്നാലും എന്റെ ഒരു ഊഹം വച്ച് ഈ പഴഞ്ചോല് ഇതിന് നന്നായി യോജിച്ചതാണ് . റേഡിയോ ,ടെലിവിഷൻ ,മൊബൈൽ ,പത്രം എന്നിവയാണ് പ്രധാനപ്പെട്ട മദ്യമങ്ങൾ . ഇത് സമൂഹത്തിന്റെ നന്മയ്ക്കാണ് ഇത്തരം മാധ്യമങ്ങൾ ഉപയോഗിക്കേണ്ടത് ജോൺ ലോഹിബയേർഡ് ടെലിവിഷൻ , റേഡിയോ ,മാർക്കോണി ,മാർട്ടിൻകൂപ്പർ മൊബൈൽ തുടങ്ങിയ നവമാദ്യമങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടുപിടിച്ചിട്ടുള്ള മാധ്യമങ്ങളാണ് .ഇവയുടെ വ്യാപനം ഇന്ത്യയിലേക്ക് കടന്നുവരുകയും ഇന്ത്യൻജനതയെ മൊത്തമായി മാധ്യമങ്ങളുടെ സ്വാധിനത്തിലേക്ക് നയിച്ച് . 'വിദ്യാധനം സർവ്വധനാൽ പ്രധാനം ' എന്ന മഹത്വവക്യം കുട്ടികൾക്ക് വിദ്യയോടുള്ള അടുപ്പം വർദ്ധിക്കേണ്ടവാക്യമാണ് . എന്നാൽ ഇന്ന് 'മൊബൈൽ സർവ്വധനാൽ പ്രധാനം ' എന്ന സംസ്കാരമില്ലാത്ത വാക്യങ്ങളിലാണ് നയിക്കുന്നത് . എല്ലാവർഷവും തന്റെ മാതാപിതാക്കൾക്ക് ലഭിക്കുന്ന ശമ്പളത്തിന്റെ ഒരു പകുതി കരഞ്ഞും കാലുപിടിച്ചാണെങ്കിലും ഒരു മൊബൈൽ ,ഒരു ലാപ്ടോപ്പ്എന്നിവയ്ക്കുവേണ്ടിയായിരിക്കും ഒരേ മുന്നുവയസ്സുള്ള ലോകത്തിലെ കുട്ടികളാണ് . വാട്സാപ്പും ,ഫെയ്സ്ബുക്ക് പോലുള്ള ആപ്പുകളിലാണ് വിദ്യാർത്ഥികളുടെ പഠനം . ഇന്ന് കുട്ടികൾക്ക് ഒരു ലോകമുണ്ടെങ്കിൽ മാധ്യമങ്ങളുടെ ലോകമാണ് . യുട്യൂബ് പോലുള്ള സംവിധാനങ്ങൾങ്ങൾ കുട്ടികളെ വഴി തെറ്റിക്കുന്നു . ഓരോ കുട്ടിയും ഇന്ന് ഫോണുപയോഗിച്ചു ഓരോ സ്ത്രീകളെയും നഗ്ന ദൃശ്യങ്ങൾ പകർത്തുകയാണ് . അന്യന്റെ മുതൽ ആഗ്രഹിക്കുന്നതെപ്പോഴും തെറ്റാണ് എന്നുകൂടി അറിഞ്ഞിട്ടും സ്വയം തെറ്റുകളിലേക്ക് വഴുതി വീഴുകയാണ് വിദ്യാർത്ഥികൾ . ഇകാരണത്തിൽ അമ്മയുടെയും എന്തിന് സ്വന്ധം സഹോദരിയുടെപോലും ............. നാണമില്ല മാനമില്ല .ബ്ലൂ വെയിലും ,മോമൊ തുടങ്ങിയ ഗെയിമുകളും 75 %വിദ്യാർത്ഥികളെയും മരണത്തിലേക്ക് നയിച്ച ഗെയിമുകളാണ് .

ഇനിയൊരു ജന്മം അനിക്കുണ്ടെങ്കിൽ മനുഷ്യനായി ജനിക്കാൻ ആഗ്രഹിക്കുന്നില്ല .ഈ നവ മാധ്യമങ്ങളുടെ പിടിയിൽ നിന്നും

രക്ഷപെടാൻ കഴിയുന്നത്ര വേഗം ശ്രമിക്കുക .ഒരു മഹാ പ്രളയം വന്ന് ഒന്ന് കരകയറുന്ന തേയുള്ളു .അടുത്ത പ്രളയം വരുന്നത് മാധ്യമ പ്രളയമായിരിക്കും . സമൂഹം നന്മയുടെ പാതയിൽ സഞ്ചരിക്കണം .പ്രത്യേകിച്ചും ഈ ഇരുപ്പത്തിയൊന്നാം നൂറ്റാണ്ടിലെ വിദ്യർത്ഥികളെ നിങ്ങളീ .....ശിശിരവനം പോലെ പന്തലിച്ച് നിന്നിട്ട് ഓരോ ഇലകളായി കോഴിയല്ലേ ....അപേക്ഷയാണ് .ജീവിതം അത് ഒന്നേയുള്ളു അതിനെ ആസ്വദിക്കാതെ ജീവിക്കുന്നവരാണ് എന്റെ ഭാഷയിൽ യഥാർത്ഥ വിഡ്ഢികൾ .നമ്മുടെ സമൂഹം നിങ്ങളുടെയൊക്കെ കയ്യിലാണ് ......

# പാഠം

സുധിന സുകുമാരൻ

കുഞ്ഞേ  പാഠപുസ്തകമെല്ലാം  പ്രളയത്തിലൊലിച്ചു പോയാലെന്ത്
തന്നില്ലേ പ്രകൃതി പാഠപുസ്തകത്തിനുമപ്പുറം ഒരു ജീവിതപാഠം
മരങ്ങൾ കൂടിനിൽക്കും  മണ്ണല്ല കുന്ന്
യന്ത്രങ്ങൾക്ക് ഇരയായ് കരിഞ്ഞു വീഴുന്നതുമല്ല കുന്ന്
താഴ്‌വര തണുപ്പിക്കും കുളിരാണ് കുന്ന്
കുഞ്ഞേ പാഠപുസ്തകമെല്ലാം പ്രളയത്തിലൊലിച്ചുപോയാലെന്ത്
മനുഷ്യനാണീശ്വരനെന്നും സ്നേഹമാണ് പ്രധിരോധമെന്നും
തന്നില്ലേ പ്രകൃതി ജീവിതത്തിനുമപ്പുറമൊരു ജീവിതപാഠം
വയലുകൾനീക്കി ഗോപുരങ്ങളുയർത്തി
ഇല്ലായ്മചെയ്ത പ്രകൃതി ഒരുനാൾ
പ്രതികരിക്കുമെന്ന ജീവിതപാഠം
ഒരുനേരമെല്ലാം  ഒലിച്ചുപോകുമെന്നും
അമ്മതൻ സ്നേഹം മാത്രമാണുള്ളതെന്നും
തന്നില്ലേപ്രകൃതി പാഠപുസ്തകങ്ങൾക്ക്
അപ്പുറമൊരുപാഠം
കുഞ്ഞേ പാഠപുസ്തകമെല്ലാം പ്രളയത്തിലൊലിച്ചു പോയാലെന്ത്
തന്നില്ലേ പ്രകൃതി ജീവിത്തിനുമപ്പുറം
ഒരു ജീവിതപാഠം    വേലുകൾ നീക്കി ഗോപുരംയുയർത്തി ഇല്ലായിമ ചെയിതു പ്രഗൃതി ഒരുനാൾ പ്രതികരിക്കുമെന്ന ജീവിതപാഠം ഒരു നേരം മെല്ലാം ഒലിച്ചുപോകുമെന്നും അമ്മതൻ സ്നേഹം മാത്രമാണുള്ളതാനും തന്നീല പ്രകൃതി പാഠപുസ്തകങ്ങൾക്കപ്പുറം മറ്റൊരുപാടം  കുഞ്ഞേ പാഠപുസ്തകമെല്ലാം പ്രളയത്തിൽ ഒലിച്ചുപോയാലെന്ത് തന്നീലെ പ്രകൃതി ജീവിതറീനുംമാപ്പുറമൊരു ജീവിത പാഠം.

# ഇരുട്ടിന്റെ മറവിൽ

അനുഷ സുഗതൻ

ആകാശം കരുത്തു . മഴമേഘങ്ങൾ കൂട്ടം കൂടി നിന്നു .മന്ദമാരുതൻ അയാളുടെ നെറ്റിയിലൂടെ മന്ദമായി തലോടി .എന്തെന്നില്ലാത്ത ഒരനുഭൂതി അയാളിലുണ്ടായി . എല്ലായിടത്തും അന്ധകാരം , കാലവർഷം കാലം തെറ്റി പെയ്തു തുടങ്ങി . ഇനി എങ്ങോട്ട് എന്നറിയാതെ ആ പതിനെട്ടു വയസ്സുകാരനായ ധ്യാൻ കുഴങ്ങി നിന്നു . ഇരുട്ടിൽ വഴികളെല്ലാം അദൃശ്യമായിരുന്നു . അടുത്തെങ്ങും ആൾതാമസമില്ലാത്ത അശാന്തമായ നഗരി അയാൾ ചിന്തിക്കാൻ തുടങ്ങി .'എനിക്ക് എവിടെയോ പിഴച്ചു വഴിതെറ്റിയിരിക്കുന്നു ഇനി എങ്ങോട്ട് . ഇരുപതു വർഷത്തെ പ്രാർഥനയുടെയും നേർച്ചയുടെയും ഫലമാണ് ധ്യാൻ . അച്ഛന്റെയും അമ്മയുടെയും പൊന്നോമനക്കുട്ടൻ . താഴത്തും തറയിലും വയ്ക്കാതെയാണ് ബാലുവും ഗീതയും അവനെ വളർത്തിയത് .തന്റെ സങ്കടങ്ങൾ അകറ്റാൻ ദൈവം തന്ന വരദാനമാണ് അവൻ . ധ്യാനിൽ അവർ ഒരുപാട് പ്രതീക്ഷകൾ വച്ച് പുലർത്തി . പതിയെ അവൻ പിച്ചവച് നടക്കാൻ തുടങ്ങി . അവന്റെ ഓരോ വളർച്ചാഘട്ടത്തിലും അവരുടെ പ്രതീക്ഷകളും വളർന്നു തുടങ്ങി .

ധ്യാനിന്റെ വിദ്യാഭ്യാസഘട്ടം തുടങ്ങി . അവനു മികച്ചരീതിയിലുള്ള വിദ്യാഭ്യാസം നൽകാൻ അവർ ആഗ്രഹിച്ചു . അങ്ങനെയാണ് അവൻ മദ്രാസിലുള്ള ഒരു വിദ്യാഭ്യാസസ്ഥാപനത്തിൽ ചേർത്ത് . അന്നവർ അറിഞ്ഞില്ല തന്റെ മകൻ പോകുന്നത് വലിയൊരു അപകടത്തിലേക്കാണ് എന്ന്.

ധ്യാനിന്റെ പ്രാഥമിക വിദ്യാഭ്യാസം തുടങ്ങി . ദിവസങ്ങൾ മാസങ്ങളായും മാസങ്ങൾ വർഷങ്ങളായും കടന്നുപ്പോയി . അവനും വളരാൻ തുടങ്ങി . വിദ്യാഭ്യാസത്തോടൊപ്പം തന്നെ എല്ലാ മേഖലയിലും അവൻ തിളങ്ങാൻ തുടങ്ങി വിജയശ്രീലാളിതനായി . രക്ഷിതാക്കളുടെ പ്രതീക്ഷകൾക്ക്അപ്പുറത്തേക്ക് അവൻ കൂടുതൽ വളരാൻ തുടങ്ങി . അതോടൊപ്പം തന്നെ വിദ്യാലയത്തിലെ പാർട്ടിമേഖലയിലും അവൻ തിളങ്ങാൻ തുടങ്ങി . പക്ഷെ ഇത് മറ്റുള്ള കുട്ടികൾക്കുള്ളിൽ വിരോധമാണ് വളർത്തുന്നത് എന്ന് അവൻ അറിഞ്ഞില്ല .

അങ്ങനെയിരിക്കെ ധ്യാനിനെ ഒരു ദിവസം മുതിർന്ന വിദ്യാർഥികൾ പിടികൂടി . ഇന്നത്തോടെ നിന്റെ പാർട്ടി പ്രവർത്തനങ്ങളും മറ്റും എല്ലാം അവസാനിപ്പിക്കണം . അവരിലൊരാൾ പറഞ്ഞു . എന്നാൽ അവരുടെ വാക്കുകൾ അവൻ ചെവികൊണ്ടില്ല .

അതിഘോരമായ മഴ തുടർന്നുകൊണ്ടിരിക്കുകയാണ് നാട്ടിലേക്കു പോവുകയായിരുന്ന അവൻ തന്റെ പ്രിയപ്പെട്ട രക്ഷിതാക്കളെ കാണാൻ ഉള്ളിൽ അതിയായി മോഹിച്ചു . പക്ഷെ വിധി മറ്റൊന്നായിരുന്നു . പെട്ടന്നായിരുന്നു അത് സംഭവിച്ചത് . ബൈക്കിൽ വന്ന നാലംഗ സംഗം അവന്റെ ശരീരത്തിൽ കത്തികൊണ്ടൊരു വെട്ട് . പിന്നെയും പിന്നെയും അതു നിർത്താതെ തുടർന്നു . പെട്ടെന്ന് അവൻ അത്ഭുതപ്പെട്ടുപോയി . അവരിലൊരാൾ തന്റെ പ്രിയ സഹപാഠിയും അവന്റെ എല്ലാമെല്ലാമായ സുഹൃത്ത് റാം ആയിരുന്നു അവന്റെ കണ്ണുകൾ നിറഞ്ഞു തുടങ്ങി . വിദ്യാലയത്തിലെ ചെറിയൊരു പ്രശ്നത്തിന്റെ പേരിൽ എന്തിന് എന്നോടി ക്രൂരത . അവന്റെ ശ്വാസം

നിലച്ചു . നിലത്തേക്ക് വീണു . അപ്പോഴും അവൻ തന്റെ അമ്മയ്ക്ക് ഏറ്റവും പ്രിയപ്പെട്ട നാരങ്ങ മിഠായി നെഞ്ചത്തോട് ചേർത്തുവച്ചിരുന്നു . അതിൽ ചോരയും. ഇരുട്ടിന്റെ മറവിൽ ഒരു കൊടുംക്രൂരത .

നേരം പുലർന്നു . പത്രം എടുക്കാനെത്തിയ ധ്യാനിന്റെ പിതാവ് ബാലു ഞെട്ടി . തന്റെ മകൻ . ആറ്റുനോറ്റുണ്ടായ ഒരേയൊരു മകൻ . ഗീതയും ,ബാലുവും തേങ്ങി . മനുഷ്യത്വം മരവിച്ച സമൂഹത്തിൽ എന്റെ മകന് ഈ ഗതി വന്നല്ലോ .രാഷ്ട്രീയത്തിന്റെ പേരിൽ സ്വന്തം സഹപാഠിയെ എങ്ങനെയവർ ? അമ്മയുടെയും അച്ഛന്റെയും ജീവിതം നിലച്ചു .'അമ്മ സ്വയം വിതുങ്ങി . ഒരു വട്ടം കൂടി മകനെ .......... നീ എന്നടുത്തേക്കു വാ ......

# പ്രളയമായിമാറിയ എൻ ജിവിതം



***ഫർഹാന കെ കെ***

*ജീവിത  കടലായിത്തീരുന്ന   വെള്ളമേ ....(2)*
*ആഴവുമായിത്തീരും   നീ*
*നിൻ പൂണ്യം കൊണ്ട് എൻ ജീവിതം നീങ്ങുന്നു*
*കടൽത്തീരത്തിരുന്ന് നാൻ പാടുന്നു*
*നിൻ തിരമാലകൾ  കുടി  കുടി വരികയാൽ*
*നിൻ ശബ്ദങ്ങൾ എൻ മനസിൽ ലോലമായി*
*എന്നെ  നീ മനസിലാക്കുന്നു .*
*എൻ പാഠപുസ്തകത്തിൽ നീയൊരു നക്ഷത്ര*
*മായിത്തീർന്നിരിക്കുന്നു*
*എൻ ജീവിതം നിൻ കയ്യിൽ വന്നുചേർന്നിരിക്കുന്നു .*
*ജീവിതത്തിൻ ഉന്മേഷം പകർന്നു തന്നത് നീ .....*
*സ്വർഗം തന്നതും നീ ......*
*ജീവിതത്തിന്റെ കടലായി തീരുന്ന വെള്ളമേ .....(2 )*
*ആനന്ദം പകർന്നു തന്ന നീ ......*
നിൻ കൃപ കൊണ്ട് ജീവിക്കുന്നുണ്ടാൻ
പിരിയാതെ നിൽക്കുന്നു എൻ ജീവിതത്തിൽ .

# ഒരു വട്ടം കൂടി

**നന്ദന സി**

ഇന്നലയും ഇന്നും നല്ല മഴയായിരുന്നു .ജനലഴിയിലൂടെ അവൾ മഴയുടെ സൗന്ദര്യം ആസ്വദിച്ചു അവൾ പലവട്ടം അമ്മയോട് പറഞ്ഞതായിരുന്നു ഒരുവട്ടം കൂടി..... പക്ഷേ അത് പൂർത്തിയാക്കാൻ അവളെ അമ്മ സമ്മതിച്ചില്ല അമ്മയോട് പിണങ്ങിയാണവൾ ജനലഴിയിൽപോയ് നിൽക്കുന്നത് .

മഴയുടെ സൗന്ദര്യം കണ്ട് അവൾ തന്റെ ബാല്യകാലത്തിലേക്ക് വഴുതിവീണു .അന്ന് അവൾ എന്തു പറഞ്ഞാലും അവളുടെ അമ്മയും അച്ഛനും അനുസരിക്കുമായിരുന്നു .അവൾ അവരുടെ പൊന്നോമന പുത്രിയായിരുന്നു ഒരിക്കൽ തനിക്ക് കുളത്തിൽ കുളിക്കാനൊരു പൂതി തോന്നി അവളെ അച്ഛൻ കുളത്തിൽനിന്ന് കുളിപ്പിച്ചു പെട്ടന്നാണ് അവൾ അടുക്കളയിൽനിന്ന് പാത്രങ്ങളുടെ പുലമ്പൽ കേട്ടത് .ഞെട്ടിയുണർന്നവൾ വീണ്ടും തൻ അമ്മയോട് ചോദിച്ച കാര്യമോർത്ത് ദുഖിച്ചു.

തനിന്ന് അനാഥമായതുപോലെയാണ് തോന്നിയത് തനിക്കൊരനുജത്തി വന്നതോടെ തന്നോടുള്ള ഇഷ്ടം ഇല്ലാതായി എന്ന ചിന്ത അവളെ അലട്ടിക്കൊണ്ടിരുന്നു ക്ലാസിൽ മിടുക്കിയായ അവൾ ഇപ്പോൾ മോശം രീതിയിൽ ഏർപ്പെടുന്നവളായി മാറി തനിക്കാരുമില്ലെന്ന ചിന്ത അവളെ മാനസികമായി തളർത്തി ചെറിയ കാര്യം പോലും തനിക്കാരും ചെയ്തുതരുന്നില്ല എന്നുള്ള ചിന്ത അവളെ പിന്നെയും പുറകോട്ടാഞ്ഞടിച്ചു .

എല്ലാ ദേഷ്യവും അവൾ തന്റെ ഒന്നുമറിയാത്ത അനുജത്തിയിൽ ചെയുന്നു .ആ പാവം തന്റെ ചേച്ചിയെ ആത്മാർഥമായി സ്നേഹിക്കുന്നു .അവൾ കിട്ടുന്ന സമയത്തെല്ലാം ആ കുഞ്ഞിനെ ദ്രോഹിക്കും .ഒരു ദിവസം അമ്മയും അച്ഛനും കൂടെ അവളെയും ,അവളുടെ അനുജത്തിയേയും വീട്ടിലാക്കി ഓഫീസിൽ എന്തോ ആവശ്യത്തിനു പോയി .

അവൾ കിട്ടിയ അവസരത്തിൽ തന്റെ അനുജത്തിക്ക് പാലിൽ വിഷം കലക്കി കൊടുത്തു .ആ കുഞ്ഞ് ഒന്നുമറിയാതെ അത് വാങ്ങി കുടിച്ചു .കുറച്ചുസമയത്തിനുശേഷം കുഞ്ഞു മയക്കത്തിന്റെ വക്കിലേക്കു മയങ്ങിപ്പോയി .അവൾക്കാദ്യമൊരു സന്തോഷം ഉണ്ടായിരുന്നെങ്കിലും പെട്ടെന്ന് അത് അവളിൽ നിന്ന് മാഞ്ഞുപോകാൻ തുടങ്ങി .അവൾ ഒരിക്കൽ കുടി തന്റെ അനുജത്തിയെ മാറോട് ചേർത്തുവച്ചു കരഞ്ഞു അവൾ അനുജത്തിയെ ഒന്നുകൂടി വിളിച്ചുനോക്കി .ഒരനക്കവുമില്ല .അവൾ മനസ്സിൽ മന്ത്രിച്ചു കരഞ്ഞു പറഞ്ഞു .ഒരു വട്ടം കുടി ആ നിമിഷം വന്നെങ്കിൽ ഞാനെന്റെ കുഞ്ഞനുജത്തെത്തിയെ ക്രൂരമായി കൊല്ലില്ലായിരുന്നു .ഇത്രയും ക്രൂരമായ ഞാനും ഈ ജന്മം ഉപേക്ഷിക്കുന്നു .കുഞ്ഞിന് അവൾ കൊടുത്ത ആ പാൽ അവളും കൂടിച്ചു .ഇത്രയും അഹങ്കാരമായ ഞാൻ ഈ ലോകത്ത് ഉണ്ടാകുവാൻ പാടില്ല എന്ന വിചാരത്തോടെ അവളും മയങ്ങിപ്പോയി .തിരിച്ചു

വീട്ടിലേക്കെത്തുമ്പോൾ അച്ഛനും അമ്മയും കണ്ടത് തന്റെ പ്രിയപ്പെട്ട മകൾ മരിച്ചതാണ് .ആ അമ്മയും അച്ഛനും ഒരു നിമിഷം ഇങ്ങനെ ചിന്തിച്ചു . 'ഒരു വട്ടം കുടി ഉണ്ടായെങ്കിൽ ഞാൻ എന്റെ മക്കളെയും കുട്ടിപോകുമായിരുന്നു '.